## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3731 — 14.03.2017 — ൽ മറുപടിക്ക്

# അരി ദൗർലഭ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകളിൽ സമീപ കാലങ്ങളിൽ അരി വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 2016 നവംബർ മാസം മുതൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ഭക്ഷ്യധാന്യം വിതരണം ആരംഭിച്ചു. ടി കാലയളവിൽ മുൻഗണനേതര വിഭാഗങ്ങൾക്കുള്ള അരിയുടെ വില വർദ്ധിച്ചതും എഫ്.സി.ഐയിൽ അട്ടിക്കൂലി സംബന്ധമായി തൊഴിൽ തർക്കങ്ങളായതും കാരണം റേഷൻകടകളിൽ മുൻഗണനേതര വിഭാഗങ്ങൾക്കുള്ള അരി വിതരണം തടസ്സപ്പെടുകയുണ്ടായി. അടിയന്തിരമായി പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അരി വിതരണം സാധാരണ നിലയിൽ പുന:സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ പുതിയ മുൻഗണനാ പട്ടിക കേന്ദ്രത്തിൽ സമർപ്പിച്ചതിൽ വന്ന കാലതാമസം ഇത്തരത്തിൽ ഒരു അരി ദൗർലഭ്യത്തിലേയ്ക്ക് നയിച്ചിട്ടുണ്ടോ; | (ബി) | അന്തിമ പട്ടിക കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) കരട് മുൻഗണനാ പട്ടികയിൽ 15 ലക്ഷത്തോളം അനർഹർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡുകൾ വിതരണം പൂർത്തീയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാർഡ് വിതരണം പൂർത്തിയായ ശേഷം മുൻഗണന സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ